# കേരള സർക്കാർ
## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം;
## തിരുവനന്തപുരം

നമ്പർ: P1/24831/2013 തീയതി 24/08/2013

സൂചിക: G.O. (Rt) No:1709/2013/H. Edn. Dated 19.08.2013 മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം ബി.എഡ് പ്രവേശനം 2013-14

## വിജ്ഞാപനം

1. ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേയ്ക്ക് **2013-14** വർഷത്തെ ബി.എഡ് പ്രവേശനത്തിന് സൂചിക സർക്കാർ ഉത്തരവ് മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ സമർപ്പിയ്ക്കേണ്ടത് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർക്കാണ്. പ്രോസ്പെക്ടസ്സ് www.lbskerala.com, www.lbscentre.org എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ 11 വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും www.lbscentre.org/www.lbskerala.com എന്നീ വെബ്സൈറ്റുകളിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ച് ഫീസ് ഒടുക്കാവുന്നതാണ്. തുടർന്ന് ചെല്ലാൻ നമ്പർ ഉപയോഗിച്ച് അപേക്ഷാഫോറം ഓൺലൈനായി സെപ്റ്റംബർ 12 വരെ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് എടുത്ത് അനുബന്ധ രേഖകൾ സഹിതം സെപ്റ്റംബർ 13 ന് വൈകുന്നേരം 5 മണിയ്ക്കകം ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ എത്തിച്ചുകൊടുക്കേണ്ടതാണ്. ബാങ്കിൽ ഫീസ് ഒടുക്കിയതിന്റെ ചെല്ലാൻ ഫോറം എൽ.ബി.എസ് സെന്ററിന്റെ ജില്ലാഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ ഹാജരാക്കിയാൽ പ്രോസ്പെക്ടസ്സിന്റെ പകർപ്പ് അപേക്ഷകർക്ക് ലഭിക്കുന്നതാണ്.

   സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അലോട്ടുമെന്റ്, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള റിട്ട് പെറ്റിഷനുകളിലെ(സിവിൽ) വിധികളുടെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

<u>കുറിപ്പ്</u>: സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള പ്രവേശനം എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും അതത് കോളേജുകൾ സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് റാങ്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതാണ്.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   (i) നേറ്റിവിറ്റി:

   (എ) അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (ബി) അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ/സ്ഥാപനങ്ങളിൽ പത്തു മുതൽ ബിരുദം വരെയുള്ള ക്ലാസുകളിൽ അഞ്ചു വർഷം പഠിച്ചിരിക്കുകയോ, അല്ലെങ്കിൽ, അപേക്ഷകനോ അപേക്ഷകന്റെ മാതാവോ പിതാവോ കേരളത്തിൽ ജനിക്കുകയോ അല്ലെങ്കിൽ, അപേക്ഷകൻ കഴിഞ്ഞ 12 വർഷത്തിനിടയിൽ 5 വർഷം കേരളത്തിൽ താമസിച്ചിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം അപേക്ഷകനെ കേരളീയൻ (കേരളൈറ്റ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തും.

   (ii) **വിദ്യാഭ്യാസ യോഗ്യത:**

   (എ) അപേക്ഷകൻ കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, ഈ സർവ്വകലാശാലകൾ തത്തുല്ല്യമായി അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ 10+2+3 മാതൃകയിൽ, ഒരു പ്രധാന വിഷയവും രണ്ട് അനുബന്ധ വിഷയങ്ങളും പഠിച്ച് ബി.എ/ബി.എസ്.സി ബിരുദം നേടിയിരിക്കണം.

   രണ്ട്/മൂന്ന് പ്രധാന വിഷയങ്ങൾ/വൊക്കേഷണൽ/സ്പെഷ്യലൈസ്ഡ് കോഴ്സുകൾ പഠിച്ച് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ വിജയിച്ച ബിരുദധാരികൾക്കും പ്രവേശനത്തിന് അപേക്ഷിക്കാം.

   (ബി)വിവിധ ബി.എഡ് കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് ഡിഗ്രി തലത്തിൽ പാർട്ട്-III വിഷയങ്ങൾക്ക് മൊത്തമായി 50 ശതമാനം മാർക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയിരിക്കണം. കോമേഴ്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ ബി.എഡ് വിഷയങ്ങൾക്ക് അപേക്ഷിക്കുന്നവർ പ്രസ്തുത വിഷയത്തിൽ കുറഞ്ഞത് 50% മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.

കുറിപ്പ്: യോഗ്യതാപരീക്ഷയിൽ മാർക്ക് ഇളവ്: വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ള SEBC വിഭാഗക്കാർക്കും OEC വിഭാഗങ്ങൾക്കും യോഗ്യതാപരീക്ഷയിൽ ലഭിച്ച ആകെ മാർക്കിൽ 5 ശതമാനവും ഇളവ് ലഭിക്കുന്നതാണ്. അന്ധ വിദ്യാർത്ഥികൾക്ക് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. SC/ST വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷ ജയിച്ചാൽ മതിയാകും.

   (iii) വയസ്സ്: ബി.എഡ്. കോഴ്സിന് അപേക്ഷിക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല.

3. ബി.എഡ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം യോഗ്യതാപരീക്ഷയിൽ പാർട്ട് III ന് ലഭിച്ച മാർക്ക് കണക്കാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരെ നിശ്ചിത ക്വാട്ടയിലേയ്ക്ക് പ്രവേശനത്തിനായി തിരഞ്ഞെടുക്കുന്നത് പൊതുവിദ്യാഭ്യാസ

ഡയറക്ടറായിരിക്കും. ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള നോമിനികൾ നിശ്ചിതകോട്ടയിലേയ്ക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ തലവൻമാർക്ക് സമർപ്പിക്കേണ്ടതാണ്. അംഗവൈകല്യമുള്ളവർക്കായിട്ടുള്ള ക്വോട്ടയിൽ അപേക്ഷിക്കുന്നവർ 40% എങ്കിലും വൈകല്യമുണ്ടെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. സൈനിക/എക്സ് സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിയ്ക്കേണ്ടതാണ്. അന്ധ വിദ്യാർത്ഥികൾ വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒരു അപേക്ഷാ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്കാണ് സമർപ്പിക്കേണ്ടത്. ഇത്തരക്കാർ എൽ ബി എസ് സെന്റർ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള ഒറിജിനൽ അപേക്ഷ എൽ ബി എസ് സെന്റർ ഡയറക്ടർക്ക് നൽകുകയും, ഇവയുടെ ഫോട്ടോകോപ്പി കേരളാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. കന്നട/തമിഴ് ന്യൂനപക്ഷ ക്വാട്ടകൾക്ക് അപേക്ഷിക്കുന്നവരും ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. **അപേക്ഷാഫോറം:**

(എ) ഒന്നോ അതിൽ കൂടുതലോ ബി.എഡ് കോഴ്സുകൾക്കായി അപേക്ഷിക്കുന്നവർ പൊതുവായി ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അപേക്ഷകർ പ്രത്യേകം ഫോറത്തിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**(സി) അപേക്ഷാ ഫീസ്**

| | |
|---|---|
| ജനറൽ വിഭാഗം | – 500/- രൂപ |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം | – 250/- രൂപ |

ഫെഡറൽ ബാങ്കിന്റെ കേരളത്തിലെ ഏതെങ്കിലും ഒരു ശാഖയിലാണ് നിശ്ചിത ഫീസ് ഒടുക്കേണ്ടത്.

20.06.2008 ലെ GO (MS) \w.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കളാണെങ്കിൽ അവർക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫാറത്തിലാണ് അപേക്ഷിക്കേണ്ടത്. ഇവർ അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

4.1 **അപേക്ഷാഫോറങ്ങളുടെ ലഭ്യത:-**

കേരളത്തിലെ ഏതെങ്കിലും ഫെഡറൽ ബാങ്കിന്റെ ശാഖകളിൽ www.lbscentre.org, www.lbskerala.com എന്നീ വെബ്സൈറ്റുകളിലൂടെ ലഭിക്കുന്ന ചെല്ലാൻ ഫോറം ഉപയോഗിച്ച് അപേക്ഷാഫീസ് ആയ 500 രൂപ (എസ്.സി/എസ്.റ്റി. വിഭാത്തിന് 250 രൂപ) ഒടുക്കുമ്പോൾ അപേക്ഷകർക്ക് ഓൺ ലൈൻ രജിസ്ട്രേഷന് വേണ്ടിയുള്ള ചെല്ലാൻ നമ്പർ ലഭിക്കും. ഈ ചെല്ലാൻ നമ്പറും തുടർന്ന് എൽ.ബി.എസ് സെന്ററിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ ഐഡിയും ഉപയോഗിച്ച് ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 12 ന് 5 മണിയ്ക്കകം പൂർത്തിയാക്കാവുന്നതാണ്.

4.2 **അപേക്ഷകളുടെ സമർപ്പണം :-**

അപേക്ഷ സമർപ്പിക്കുന്നതിന് മൂന്ന് ഘട്ടങ്ങളുണ്ട്. അപേക്ഷകർ ഈ മൂന്ന് ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

ഘട്ടം1: അപേക്ഷാർത്ഥിയുടെ വ്യക്തിഗത വിവരങ്ങളും ഫീസ് ഒടുക്കിയ വിവരങ്ങളും രേഖപ്പെടുത്തുക

(i) അപേക്ഷകർ ഔദ്യോഗിക വെബ് സൈറ്റായ www.lbscentre.org അല്ലെങ്കിൽ www.lbskerala.com സന്ദർശിക്കണം. വെബ്സൈറ്റിലെ 'Admission to B.Ed. Course 2013" എന്ന സൂചകത്തിൽ (Link) ക്ലിക്ക് ചെയ്യണം.

(ii) തുടർന്ന് അപേക്ഷകൻ "NEW CANDIDATE" എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി 'SAVE' ചെയ്യണം.

(iii) സ്ക്രീനിൽ ലഭിക്കുന്ന മൂന്ന് പാർട്ട് ചെല്ലാൻ ഫോറം (അപേക്ഷാർത്ഥിയുടെ കോപ്പി, ഓഫീസ് കോപ്പി, ബാങ്ക് കോപ്പി) പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട ദേശസാൽകൃത ബാങ്കിന്റെ ശാഖയിൽ തുക ഒടുക്കാവുന്നതാണ്.

(iv) ബാങ്കിൽ നിന്ന് ഫീസ് ഒടുക്കി കഴിയുമ്പോൾ അപേക്ഷാർത്ഥിക്ക് ചെല്ലാന്റെ അപേക്ഷാർത്ഥിയുടെ കോപ്പിയും ഓഫീസ് കോപ്പിയും ലഭിക്കുന്നതാണ്.

ഘട്ടം:2 രജിസ്ട്രേഷൻ ഉറപ്പാക്കുന്നതും അപേക്ഷാഫോറം അയയ്ക്കുന്നതും

(i) അപേക്ഷാഫീസ് ബാങ്കിൽ ഒടുക്കിയതിനുശേഷം ഔദ്യോഗിക വെബ് സൈറ്റിലെ 'Admission to B.Ed. Course 2013" എന്ന സൂചകത്തിൽ (Link) ക്ലിക്ക് ചെയ്ത് തൊട്ടടുത്ത ദിവസമോ നിർദ്ദിഷ്ട സമയത്തിനകമോ, ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമം താഴെപറയുന്ന രീതിയിൽ പൂർത്തിയാക്കാവുന്നതാണ്.

(ii) അപേക്ഷാർത്ഥി "Fee Remitted Candidate"എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അതിനുശേഷം ബാങ്കിൽ അപേക്ഷാഫീസ് ഒടുക്കിയപ്പോൾ ലഭിച്ച ചെല്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാഫോറത്തിന്റെ നമ്പർ, ചെല്ലാൻ നമ്പർ, ബാങ്കിന്റെ ശാഖ, ബാങ്കിൽ ഫീസ് അടച്ച തീയതി, എന്നിവ സ്ക്രീനിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷാർത്ഥി പാസ്‌വേഡ് നൽകേണ്ടതാണ്. പാസ് വേർഡ് അക്കത്തിലോ അക്ഷരത്തിലോ രണ്ടും കൂടിയോ നൽകാവുന്നതാണ്.

(iii) കംപ്യൂട്ടറിൽ തെളിയുന്ന സെക്യൂരിറ്റി ചോദ്യത്തിന് ഉത്തരം നൽകി "CONFIRM'' ബട്ടൺ ക്ലിക്ക് ചെയ്യണം. അതിനുശേഷം സ്വന്തം പാസ്പോർട്ട് സൈസ്സ് ഫോട്ടോ അപ്‌ലോഡ് ചെയ്യണം. (JPEG format with size not more than 20kb)

(iv) ഫോട്ടോ അപ് ലോഡ് ചെയ്ത് കഴിയുമ്പോൾ ഒരു യൂണിക്ക് രജിസ്ട്രേഷൻ ID ലഭിക്കുന്നതാണ്. ഔദ്യോഗിക വെബ് സൈറ്റിൽ തുടർന്നുള്ള ആവശ്യങ്ങൾക്ക് പ്രസ്തുത ID യും പാസ് വേർഡും ഉപയോഗിക്കേണ്ടതാണ്.

(v) അപേക്ഷാർത്ഥി "PROCEED'' ബട്ടൺ ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങൾ പേഴ്സണൽ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി 'SAVE' ചെയ്യേണ്ടതാണ്. ഇവ പരിശോധിച്ച് ബട്ടൺ 'CONFIRM'' ക്ലിക്ക് ചെയ്യുക. അപ്പോൾ സ്ക്രീനിൽ അപേക്ഷാഫോറം ലഭ്യമാകും. ഇതിനുശേഷം ''PRINT'' ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷാഫോറത്തിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. പ്രിന്റൗട്ട് എടുത്ത അപേക്ഷാ ഫോമിനോടൊപ്പം ചെല്ലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ നിർദ്ദിഷ്ട സമയത്തിനകം എത്തിച്ച് കൊടുക്കേണ്ടതാണ്.

**ഘട്ടം:3**

റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്ന അപേക്ഷകർ ഈ ഘട്ടത്തിൽ ഓൺലൈനായി കോഴ്സ്/കോളേജ് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട സമയപരിധി വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തും. കോളേജുകൾ, കോഴ്സുകൾ എന്നിവയെ പറ്റിയുള്ള വിശദവിവരങ്ങൾ സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

4. നിശ്ചിത ഫോറത്തിൽ ലഭ്യമാക്കണമെന്ന് പ്രോസ്പെക്ടസ്സിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ നിശ്ചിത മാതൃകയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.
5. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.
6. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി അതത് കോളേജുകളിലെ പ്രിൻസിപ്പൽമാർ പ്രവേശനം നൽകുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

തിരുവനന്തപുരം
24/08/2013

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

DIRECTORATE OF COLLEGIATE EDUCATION
THIRUVANANTHAPURAM